## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

# അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 294

29.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, റ്റി.എൻ. പ്രതാപൻ<br>,, ഷാഫി പറമ്പിൽ<br>,, വി.റ്റി. ബൽറാം | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | നഗരപ്രദേശങ്ങളിൽ അവിദഗ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലേയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | നഗരങ്ങളിലെ ദരിദ്രർക്ക് തൊഴിൽ ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഉദ്ദേശ്യം നഗര പ്രദേശങ്ങളിൽ വസിക്കുന്ന കായികാധ്വാനം ചെയ്യാൻ തയ്യാറുള്ളവർക്ക് അടിസ്ഥാന തൊഴിൽ ഉറപ്പാക്കുകയെന്നതാണ്. അതിനു വേണ്ടി ചുവടെ പറയുന്ന പ്രവൃത്തികളാണ് ടി പദ്ധതിയിൽ ഏറ്റെടുക്കാവുന്നത്.<br>1. ജലസംരക്ഷണവും ജലകൊയ്ത്തും.<br>2. വരൾച്ച തടയൽ (വൃക്ഷങ്ങൾ നടീൽ, വനവത്ക്കരണ പ്രവർത്തനങ്ങൾ അടക്കം)<br>3. മൈക്രോ ഇറിഗേഷൻ പ്രവൃത്തികൾ<br>4. എസ്.സി./എസ്.റ്റി./ കേന്ദ്രാവിഷ്കൃത പദ്ധതികൾ/ബി.പി.എൽ. കുടുംബങ്ങളുടെ ഭൂമിയിൽ |

| | | | |
|---|---|---|---|
| | | | ജലസേചന സൗകര്യങ്ങളൊരുക്കൽ.<br>5. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുന:നിർമ്മാണം.<br>6. ഭൂവികസനം<br>7. വെള്ളക്കെട്ട് പ്രദേശങ്ങളിൽ അഴുക്ക്ചാൽ നിർമ്മിക്കുന്നതുൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും കുളസംരക്ഷണ പ്രവർത്തനങ്ങളും.<br>8. ബി.എസ്.യു.പി./ഐ.എച്ച്.എസ്.ഡി.പി./കെ.എസ്.യു.ഡി.പി./എസ്.ജെ.എസ്.ആർ.വൈ/ ആർ.എ.വൈ. പദ്ധതികളുടെ അനുപൂരക പ്രവർത്തനങ്ങളും ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന ഭവനങ്ങളുടെ വാനം വെട്ടുന്നതിനും അടിസ്ഥാനം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികളും.<br>9. കോളനി നവീകരണ പ്രവൃത്തികൾ<br>10. പൊതു സ്ഥലങ്ങളിൽ കുന്നുകൂടുന്ന ചപ്പുചവറുകളും മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തികൾ.<br>11. സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിലെ ശുപാർശ പ്രകാരം സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഇതര പ്രവൃത്തികൾ .<br>അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കുന്ന ആസ്തികളുടെ അറ്റകുറ്റപണികൾ ഏറ്റെടുക്കാവുന്നതാണ്. |
| (സി) | എന്തെല്ലാം കേന്ദ്രസഹായമാണ് പദ്ധതിയുടെ നടത്തിപ്പിനായി ലഭിക്കുന്നത്; | (സി) | എസ്.ജെ.എസ്.ആർ.വൈയുടെ ഒരു ഘടകമായ അർബൻ വേജ് എംപ്ലോയ്മെന്റ് പ്രോഗ്രാം 23.05.2011 ലെ ജി.ഒ.(ആർ.ടി) നം.1262/11/തസ്വഭവ നമ്പർ സർക്കാർ ഉത്തരവു പ്രകാരം അയ്യങ്കാളി നഗര തൊഴിലുറപ്പ് |

| | | | |
|---|---|---|---|
| | | | പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ അതേ മാർഗ്ഗ നിർദ്ദേശങ്ങൾ തന്നെ ഈ പദ്ധതിക്കും ബാധകമാണെന്നും ഉത്തരവായിട്ടുണ്ട്. ഇതു പ്രകാരം 2012-13 ൽ 10.51 കോടി രൂപ സാമ്പത്തിക സഹായമായി കുടുംബശ്രീയിൽ നിന്നും ലഭിച്ചിരുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനായി 2012-13 ൽ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ 5 കോടി രൂപ 40 നഗരസഭകൾക്കായി അനുവദിച്ചതിനു പുറമെ കുടുംബശ്രീയിൽ നിന്നും അർബൻ വേജ് എംപ്ലോയ്മെന്റ് പ്രോഗ്രാം നടത്തിപ്പിനായി 10.51 കോടി രൂപയിൽ നിന്നും പ്രപ്പോസലുകൾ സമർപ്പിച്ച നഗരസഭകൾക്ക് 10,10,25,430/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ